**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6612** **11-07-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം ഗ്രാമസഭകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയെ ജനപങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയെ ജനപങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയതിന്റെ തുടർച്ചയിൽ ആണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിച്ചത്. ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി ജന പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയാണ്. |
| (ബി) | വിനോദസഞ്ചാര വികസനത്തിന് എല്ലാ മേഖലയിലുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി സഞ്ചാരികൾക്ക് കൂടുതൽ ഇഷ്ടപ്പെടുന്ന പുതിയ ഇടങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തുന്ന വിവിധ പങ്കാളിത്ത ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടത്തി വരുന്നുണ്ട്. ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ, പ്രാദേശിക പങ്കാളിത്തത്തോടെ ടൂറിസം വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ, പ്രാരംഭഘട്ടം മുതൽ പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ആദ്യപടിയാണ് സ്പെഷ്യൽടൂറിസം ഗ്രാമ സഭകൾ.<br><br>ടൂറിസം വികസന സാധ്യതയുള്ള പ്രദേശങ്ങൾ പ്രാദേശിക പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് ആവശ്യാനുസരണം വിവിധ പ്രദേശങ്ങളിൽ / തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്പെഷ്യൽ ടൂറിസം സാധ്യതകൾ സംഘടിപ്പിക്കുവാൻ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ഉദ്ദേശിക്കുന്നുണ്ട്. വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, അതാത് പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ ചർച്ച ചെയ്തു വികസിപ്പിക്കുന്നതിന്, കെ ആർ ടി എം സൊസൈറ്റിയുമായി സഹകരിച്ച് സ്പെഷ്യൽ ടൂറിസം ഗ്രാമ സഭകൾ സംഘടിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | നഗര-ഗ്രാമ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും വിനോദസഞ്ചാര സാധ്യതകൾ സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ, പ്രാദേശിക പങ്കാളിത്തത്തോടെ ടൂറിസം വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ, പ്രാരംഭഘട്ടം മുതൽ പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ആദ്യപടിയാണ് കേരള റെസ്പോൺസിബിൾ ടൂറിസം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സ്പെഷ്യൽ ടൂറിസം ഗ്രാമ സഭകൾ. നഗര-ഗ്രാമ വ്യത്യാസമില്ലാതെ, വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ആവശ്യാനുസരണം ഈ പ്രവർത്തനം നടന്നു വരുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ സ്പെഷ്യൽ ടൂറിസം ഗ്രാമ സഭകൾ ആയും, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിൽ സ്പെഷ്യൽ ടൂറിസം വാർഡ് സഭകൾ ആയും നടത്തപ്പെടുന്നു. |
| (ഡി) | അറിയപ്പെടാത്ത സ്ഥലങ്ങളിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ നിക്ഷേപ സാധ്യത ഒരുക്കുന്നതിന് ഈ സംരംഭം സഹായകമാകുമോ; വിശദമാക്കുമോ? | (ഡി) | അതാത് പ്രദേശത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ നിക്ഷേപ സാധ്യത ഒരുക്കുന്നതിന് ആവശ്യമെങ്കിൽ, സ്പെഷ്യൽ ടൂറിസം ഗ്രാമ സഭക്ക് ശേഷം, പദ്ധതി പ്രദേശത്ത് ടൂറിസം നിക്ഷേപക സംഗമവും ടൂറിസം സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്താറുണ്ട് . |

സെക്ഷൻ ഓഫീസർ